


എഡിറ്റോറിയൽ



# വംശീയ അതിക്ഷേപം, ഇപ്പോൾ വധഭീഷണിയും

വധഭീഷണിയെ ഭയന്നിട്ടോ ജാതിയ അതിക്ഷേപത്തിൽ മനംനൊന്തിട്ടോ അല്ല ഈ കുറിപ്പ് എഴുതുന്നത്. ഒരു മലയാളി തൻെറ സംസ്കാരം എത്രയെന്ന് വിളിച്ചു കൂവിയത് ബഹുജന സമക്ഷം അറിയിക്കുക എന്ന കർത്തവ്യം മാത്രമാണ് ഞങ്ങൾ ഇവിടെ നിർവഹിക്കുന്നത്.

മലയാളമനോരമയുടെ പ്രവാസി പേജിൽ ഇന്ത്യൻ വിദ്യാർഥികളുടെ സുരക്ഷിതത്വം സംബന്ധിച്ച് വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ട ഒരു വിദ്യാർഥി തനിക്കുണ്ടായ അനുഭവം പറയുന്നതിനായി പ്രസ്തുത 'സാംസ്കാരിക നായകനായ പത്രപ്രവർത്തകനെ' ഫോണിൽ വിളിച്ചു. എന്നാൽ ലഭിച്ച മറുപടിയാകട്ടെ ഇന്ത്യൻ മലയാളി പത്രത്തിൻെറ എഡിറ്റർക്കെതിരെയുള്ള വംശീയ അതിക്ഷേപവും വധഭീഷണിയും. മലവെള്ളപ്പാച്ചിൽ പോലെ എഡിറ്ററുടെ പേരെടുത്തു പറഞ്ഞ് നടത്തിയ തെറിയഭിഷേകം ഫോണിൽ റിക്കാർഡ് ചെയ്ത വിദ്യാർഥി ഞങ്ങൾക്ക് അയച്ചുതരുകയുണ്ടായി.

എന്നെയും പ്രസവിച്ച അമ്മയേയും ബന്ധുക്കളെയും തെറി വിളിച്ച് തുടങ്ങിയ ഈ 'സാംസ്കാരിക പ്രതിഭ' മെൽബണിൽ എന്നെ വാഴിക്കത്തില്ലെന്ന് ശപഥം എടുക്കുകയും ചെയ്തു. എൻെറ ജീവൻ എടുത്തുകളയുമെന്ന പ്രഖ്യാപനത്തിൽ അരിശം കൊണ്ട് കലി തുള്ളിയ ഈ വ്യക്തി താനൊരു നികൃഷ്ഠ ജാതിക്കാരനാണെന്ന് വിളിച്ചു പറയാനും തയ്യാറായി. 'കൊട്ടിയെന്നും ചോവനെന്നും' വിശേഷിപ്പിക്കുക മാത്രമല്ല, ഇതൊരു കാത്തലിക് രാജ്യമാണെന്നും കത്തോലിക്കനെക്കുറിച്ച് വാർത്ത എഴുതിയാൽ തട്ടിക്കളയുമെന്ന് ആവർത്തിക്കുകയും ചെയ്തു. പത്തു മിനിട്ടോളം നീണ്ടുനിന്ന ഈ ഭരണിപ്പാട്ട് ഇപ്പോൾ മെൽബണിലെ പല മലയാളികൾക്കും സുപരിചിതമായി കഴിഞ്ഞു എന്നാണ് അറിയാൻ കഴിഞ്ഞത്.

ജാതിയമായ വിവേചനവും ചൂഷണവും നിലനിന്ന സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ഒരു സമുദായത്തിൽ ജനിക്കുവാനും ജീവിക്കുവാനും കഴിഞ്ഞതിൽ ഞാൻ ഇപ്പോഴും അഭിമാനിക്കുന്നു. പത്രപ്രവർത്തനത്തിൽ പാലിക്കേണ്ട മര്യാദകൾ മാത്രമേ ഇതുവരെ സ്വീകരിച്ചിട്ടുള്ളൂ. എന്ത് അസത്യങ്ങളും വാർത്തകളായി എഴുതിവിടുന്ന പ്രവണത ഇനിയും ചൂണ്ടിക്കാട്ടും.

ഇത്തരം പ്രകോപനപരമായ ആക്രമണത്തിന് ഈ വ്യക്തിയെ പ്രേരിപ്പിച്ച വികാരമെന്താണ്? മലയാളി അസോസിയേഷൻ ഓണാഘോഷ ചടങ്ങ് സത്യസന്ധമായി റിപ്പോർട്ട് ചെയ്തതാണോ ഞങ്ങൾ ചെയ്ത കുറ്റം? സത്യവിരുദ്ധമായ വാർത്തകൾ പത്രങ്ങളിലും മറ്റും എഴുതിവിടുന്നത് ചൂണ്ടിക്കാട്ടിയതിനാണോ ഈ തെറിയഭിഷേകം? ഒരു മാധ്യമ പ്രവർത്തകനെന്ന നിലയിൽ ഇനിയും ഇത്തരം പ്രവണതകൾ ആരുടെ ഭാഗത്തു നിന്നുണ്ടായാലും ചൂണ്ടിക്കാണിക്കും.

ജാതിമത വ്യത്യാസമില്ലാതെ എല്ലാ മലയാളികളും സ്നേഹത്തോടും സന്തോഷത്തോടും അതോടൊപ്പം സത്യസന്ധതയോടും ജീവിക്കണമെന്ന സന്ദേശമാണ് ഒരു പ്രവാസി മാധ്യമം എന്ന നിലയ്ക്ക് ഞങ്ങൾനിർവഹിക്കുന്നത്. അതു തുടരുകതന്നെ ചെയ്യും. ദയവ് ചെയ്ത് 85 വയസ് പിന്നിട്ട എൻെറ അമ്മയെയെങ്കിലും വെറുതെ വിടുക.

**തിരുവല്ലം ഭാസി**
**എഡിറ്റർ**




